DESPATCHED
On. 24-06-20
10/3/2

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1647(7)/2013**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10975**/എസ്.ഐ.സി-ജി 6/13)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സി.ജോർജ്ജ് പണിക്കർ,
സൂപ്രണ്ട് ഓഫ് C.Ex.,
സെൻട്രൽ എക്സൈസ് ഡിവിഷൻ,
ജി.പി.ഒ.ലൈൻ, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ഡെപ്യൂട്ടി സെക്രട്ടറി,
   ഹോം (എഫ്) ഡിപ്പാർട്ട്മെന്റ്,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   അഡീഷണൽ സെക്രട്ടറി,
   ഹോം (എഫ്) ഡിപ്പാർട്ട്മെന്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.05.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.06.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.06.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.07.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.07.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.08.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10.01.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ജോർജ്ജ് പണിക്കർ, 30.07.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 02.08.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1647(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 06.05.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 04.06.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 05.07.2013ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും നിശ്ചിത സമയത്തിനുള്ളിൽത്തന്നെ മറുപടി നൽകിയിരുന്നുവെന്നും 27.09.2012ലെ ജി.ഒ.(ആർ.റ്റി.) 2877/12/ആഭ്യന്തരം പ്രകാരം ഹർജിക്കാരന്റെ 4/2009/TVM നമ്പർ ആയുധ ലൈസൻസ് കേരളത്തിനുള്ളിൽ പരിധി നിശ്ചയിച്ച് 01.08.2011 മുതൽ 31.07.2014വരെയുള്ള കാലയളവിലേയ്ക്ക് ദീർഘിപ്പിച്ചു നൽകിയെന്നും 29.09.2012ന് രജിസ്റ്റേർഡ് പോസ്റ്റായി ടിയാന് അയച്ചു നൽകിയ സർക്കാർ ഉത്തരവും അതോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ലൈസൻസും 01.10.2012ന് കൈപ്പറ്റിയ ടിയാൻ അന്നേദിവസംതന്നെ ആയത് നിരസിക്കാനുള്ള കാരണങ്ങളൊന്നും ബോധിപ്പിക്കാതെ രജിസ്റ്റേർഡ് പോസ്റ്റായി സർക്കാരിലേയ്ക്ക് തിരിച്ചയച്ചുവെന്നുമാണ്. ലൈസൻസും സർക്കാർ ഉത്തരവും കൈപ്പറ്റിയതിനു ശേഷം മടക്കി ലഭ്യമാക്കിയ സാഹചര്യത്തിൽ ഹർജിക്കാരന് ലൈസൻസ് ആവശ്യമില്ല എന്ന ധാരണയിൽ ടിയാന്റെ ലൈസൻസ് റദ്ദു ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയും 19.12.2012ലെ കത്തു പ്രകാരം തിരുവനന്തപുരം ജില്ലാ മജിസ്ട്രേറ്റിന് നിർദ്ദേശം നൽകിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 18.11.2012ലെ നടപടിക്രമം പ്രകാരം ജില്ലാ മജിസ്ട്രേറ്റ് ലൈസൻസ് റദ്ദു

ചെയ്തുവെന്നുമാണ്. ടി ലൈസൻസ് റദ്ദു ചെയ്തതിന്റെ കാരണം നിശ്ചയിച്ച് നൽകണം എന്ന ടിയാന്റെ അപേക്ഷയ്ക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകുവാൻ സാധിക്കുകയില്ലെന്നും ബന്ധപ്പെട്ട ഫയലിൽ ലഭ്യമായ വിവരങ്ങൾ മാത്രമാണ് വിവരാവകാശ നിയമപ്രകാരം നൽകേണ്ടതെന്നും ആയതിനാലാണ് ടി അപേക്ഷയിലെ 2-ാം പിരിവിന് ഒന്നാം എതിർകക്ഷി മറുപടി നൽകാത്തതെന്നുമാണ്. കൂടാതെ ടിയാന്റെ അപ്പീലിലും ലഭ്യമായ വിവരങ്ങളല്ല ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയുധ നിയമപ്രകാരം നടപടി സ്വീകരിച്ചതിലെ അപാകതകൾ ചൂണ്ടിക്കാട്ടുകയും അതിനെ ചോദ്യം ചെയ്യുകയുമാണ് ചെയ്തിരിക്കുന്നതെന്നും ആയതിന് മറുപടി നൽകാൻ നിർവ്വാഹമില്ലെന്നും ആയതിനാൽ വിവരാവകാശ നിയമം 4(d) അനുശാസിക്കുന്ന പ്രകാരം അപ്പീൽ അധികാരി ടിയാന് മറുപടി നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് നൽകാൻ കഴിയാവുന്ന വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
/Ge/